## പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1117 13-06-2013 -ലെ മറുപടി നൽകേണ്ടിയിരുന്നത്

## വരൾച്ച മൂലം ഉണ്ടായ നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ വരൾച്ച മൂലം ഉണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്താമോ; | എ) | ഉണ്ട്. 7888.09 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാന സർക്കാർ ദുരിതാശ്വാസത്തിനായി ആവശ്യപ്പെട്ട നഷ്ട പരിഹാര തുക എത്ര കോടിയായിരുന്നു എന്ന് വിശദമാക്കാമോ ; | ബി) | നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും അധിക സാമ്പത്തിക സഹായത്തിനായി 1995 കോടി രൂപയുടെ മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.09 കോടി രൂപയുടെ മെമ്മോറാണ്ടവും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 3936.81 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജും സമർപ്പിച്ചിട്ടുണ്ട്. |
| സി) | കേന്ദ്രത്തിൽ നിന്നും ഇതിനകം എത്ര തുക ലഭിക്കുകയുണ്ടായി എന്നും അത് ആവശ്യപ്പെട്ടതിന്റെ എത്ര ശതമാനമാണെന്നും അറിയിക്കുമോ ; | സി) | ആദ്യ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചയ്ക്കായി 62.61 കോടി രൂപ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അതിൽ നിന്ന് 18.31 കോടി രൂപ ലഭിക്കുകയും ചെയ്തു. |
| ഡി) | സംസ്ഥാനത്തുണ്ടായ നഷ്ടം ഏതെല്ലാം മേഖലയിൽ ആണെന്നും എന്ത് തുക വീതം ആയിരുന്നു എന്നും വെളിപ്പെടുത്തുമോ; | ഡി) | 2012-13 ൽ ഉണ്ടായ കാർഷിക നഷ്ടം 5810.66 കോടി രൂപയും മൃഗസംരക്ഷണ മേഖലയിലെ നഷ്ടം 8.6 ലക്ഷം രൂപയും വരൾച്ചമൂലം പുറമെനിന്ന് വിദ്യുച്ഛക്തി വാങ്ങുന്നതിനു വേണ്ടി വൈദ്യുതി വകുപ്പിന് ഉണ്ടായ നഷ്ടം 1610.9 കോടി രൂപയുമായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് ചെലവാകുന്ന 465.44 കോടി രൂപയും മരുന്നുകൾക്കും പ്രതിരോധ കുത്തിവെപ്പുകൾക്കും വേണ്ടി ചെലവഴിച്ച 98 ലക്ഷം രൂപയും ചേർത്താണ് ആകെ നഷ്ടം കണക്കാക്കി യിട്ടുള്ളത്. |
| ഇ) | നഷ്ട പരിഹാരം ലഭിക്കാൻ ഏറ്റവും ഒടുവിൽ സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | ഇ) | മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ